# മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന യാത്ര

## 15 ജൂലൈ 2010



മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശിൽപിയും, ഭാരത ന്യൂമാൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ദൈവദാസൻ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തയുടെ 57–ാം ഓർമ്മ പ്പെരുന്നാളി–നോടനുബന്ധിച്ചു, റാന്നി–പെരുനാട് കുരിശുമലയിൽ ആരംഭിച്ചിരിക്കുന്ന തീർത്ഥാടന പദയാത്രയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട്, KMRM യുവജ്യോതിയുടെ നേതൃത്വത്തിൽ പ്രതീകാത്മക അനുസ്മരണ യാത്ര, ജൂലൈ 15–ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

വൈകുന്നേരം 6:00 മണിക്ക് അബ്ബാസിയ ചാപ്പലിൽനിന്നും റവ: ഫാ. ജോർജ്ജ് കോട്ടപ്പുറം അനുഗ്രഹിച്ച് ആശീർവദിച്ച വള്ളിക്കുരിശും പേപ്പൽപതാകയും യുവജ്യോതി കൺവീനർ ജിമ്മി പാറക്കലിനു കൈമാറി ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നു. തുടർന്ന്, വാഹന ജാഥയായി ഹോളി ഫാമിലി സിററി കത്തീഡ്രൽലിൽ എത്തിച്ചേരുന്ന അനുസ്മരണ യാത്രയെ ദേവാലയ കവാടത്തിൽ സ്വീകരിക്കുകയും, സമാധാനത്തിന്റെയും ശാന്തിയുടെയും പ്രതികമായ വള്ളിക്കുരിശ് കുവൈററ് രൂപതാ ബിഷപ്പ് കാമിലോ ബാലിൻ പിതാവിന് നൽകികൊണ്ട് ദേവാലയത്തിൽ പ്രവേശിക്കുന്നു.

തുടർന്ന്, ഫാ. ജോർജ്ജ് കോട്ടപ്പുറത്തിന്റെ കാർമികത്വത്തിൽ ഭക്തിനിർഭരമായ വിശുദ്ധ കുർബ്ബാനയും, അനുസ്മരണവും, ധൂപപ്രാർത്ഥനയും, നേർച്ച വിളമ്പും ഉണ്ടായിരിക്കുന്നതാണ്.

ആയതിലേക്ക്, എല്ലാ മലങ്കര വിശ്വാസികളെയും 6:00 മണിക്കു അബ്ബാസിയ ചാപ്പലിലേക്കും, അവിടെ നിന്നും സിററി കത്തീഡ്രൽലിലേക്കുള്ള അനുസ്മരണ യാത്രയിലും പങ്കുകൊള്ളു–വാൻ സ്നേഹപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു.